"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് 2016-17- തിരുവല്ല നിയോജക മണ്ഡലം - "Renovation and Revitilisation work of Niranam Grama Panchayat Office"എന്ന പ്രവൃത്തിയുടെ ഭരണാനുമതി ഭേദഗതി ചെയ്ത്, ബഹു: എം.എൽ.എ യുടെ 2016 -17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 95 ലക്ഷം രൂപയും, 2020-21 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 60 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1,55,00,000/-രൂപ (ഒരു കോടി അൻപത്തിയഞ്ചു ലക്ഷം രൂപ മാത്രം) സംയുക്തമായി വിനിയോഗിച്ച് നിരണം ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി നടപ്പാക്കുന്നതിന് ഭരണാനുമതി പുതുക്കി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്

G.O.(Rt) No.1230/2021/LSGD തീയതി,തിരുവനന്തപുരം, 30/06/2021

---

പരാമർശം:- 1 28.12.2017-ലെ സ. ഉ. (സാധാ) നം. 4185/2017/തസ്വഭവ.

2 17.06.2020 ലെ സഉ(സാധാ) നം. 1185/2020 തസ്വഭവ

3 ബഹു : എം.എൽ.എ അഡ്വ മാത്യു ടി തോമസ് അവർകളുടെ 22.10.2020 ലെ കത്ത്

4 ഹാബിറ്റാറ് ടെക്നോളജി ഗ്രൂപ്പിന്റെ 12.02.2021 ലെ HTG/2021/02/184 നമ്പർ കത്ത്

5 25.02.2021 ലെ സഉ(സാധാ) നം. 1778/2021/ധന

## ഉത്തരവ്

തിരുവല്ല എം.എൽ.എ അഡ്വ: മാത്യൂ ടി തോമസ് അവർകളുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി Renovation and Revitilisation work of Niranam Grama Panchayat Office എന്ന പ്രവൃത്തിക്ക് 95.1 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകിയിരുന്നു. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനായിരുന്നു പദ്ധതി നിർവ്വഹണ ചുമതല. എന്നാൽ 2018 ലെ പ്രളയത്തിൽ പ്രസ്തുത ഓഫീസ് കെട്ടിടം അൺഫിറ്റ് ആയതായി സാങ്കേതിക റിപ്പോർട്ട് ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടം പൊളിച്ചു നീക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നല്കിയിരുന്നു.

പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കിക്കൊണ്ടിരിക്കുകയാണെന്നും, പരാമർശം (1) പ്രകാരം

അനുവദിക്കപ്പെട്ട തുക പുതിയ കെട്ടിടം പണിയുന്നതിലേക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും ബഹു: എം.എൽ.എ ശ്രീ മാത്യു ടി തോമസ് പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് നിരണം ഗ്രാമപഞ്ചായത്തിനു പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിലേക്കായി 1.55 കോടി രൂപയുടെ എസ്റ്റിമേറ്റും മറ്റനുബന്ധ രേഖകളും നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. ആദ്യ ഭരണാനുമതി തുക 95.1 ലക്ഷം രൂപയായിരുന്നു. പരിഷ്കരിച്ച എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയേക്കാൾ അധികരിച്ച സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും, തുടർന്ന് ധനകാര്യ വകുപ്പ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച എസ്റ്റിമേറ്റിന്റെയും മറ്റ് അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിൽ തിരുവല്ല എം.എൽ.എ അഡ്വ മാത്യു ടി.തോമസ് അവർകളുടെ 2016 -17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 95 ലക്ഷം രൂപയും, 2020-21 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 60 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1,55,00,000/-രൂപ (ഒരു കോടി അൻപത്തിയഞ്ചു ലക്ഷം രൂപ മാത്രം) സംയുക്തമായി വിനിയോഗിച്ച് നിരണം ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി നടപ്പാക്കുന്നതിന് പരാമർശം (5) പ്രകാരം പ്രത്യേക അനുമതി നല്കിയിരുന്നു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം തിരുവല്ല എം.എൽ.എ അഡ്വ: മാത്യു ടി തോമസ് അവർകളുടെ 2016 -17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 95 ലക്ഷം രൂപയും, 2020-21 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 60 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1,55,00,000/-രൂപ (ഒരു കോടി അൻപത്തിയഞ്ചു ലക്ഷം രൂപ മാത്രം) സംയുക്തമായി വിനിയോഗിച്ച് നിരണം ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി നടപ്പാക്കുന്നതിന് ഭരണാനുമതി പുതുക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Preetha.k.s
Joint Secretary

പകർപ്പ്

അഡ്വ: മാത്യൂ ടി തോമസ് എം.എൽ.എ (ആമുഖ കത്ത് സഹിതം).

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) എൽ ബി എ & എ തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (നോഡൽ സെന്റർ ബി) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ